അന്തരിച്ചു

കെ.ആർ. രത്നാകരൻ

പാലക്കുന്ന്: വിരമിച്ച ഫോറസ്റ്റ് റേഞ്ച് ഓഫീസർ ഉദുമ 'രാം നിവാസി'ൽ കെ. ആർ. രത്നാകരൻ(83) അന്തരിച്ചു.

കോവിഡ് ബാധിച്ച് ചികിത്സയിലായിരുന്നു. ഭാര്യ: ശാന്തകുമാരി. മക്കൾ: ഡോ. പുഷ്പരാജ് (ജനറൽ ആശുപത്രി, തലശേരി), പൂർണ്ണിമ (പ്രധാനാധ്യാപിക, യു. പി. വിഭാഗം ചിന്മയ വിദ്യാലയ, കാസർകോട്). മരുമക്കൾ: സോണിയ, പ്രദീപ് (സിവിൽ എഞ്ചിനീയർ, കണ്ണൂർ). സഹോദരങ്ങൾ: പരേതരായ കെ. ആർ. പദ്മനാഭൻ (മുൻ വൈസ് ചെയർമാൻ കാസർകോട് മുനിസിപ്പാലിറ്റി), രത്നകുമാരി.

നാരായണി അമ്മ

കാഞ്ഞങ്ങാട്: കവ്വാൽ മാടത്തിനടുത്തെ പരേതനായ എൻ കൃഷ്ണൻ മണിയാണിയുടെ ഭാര്യ പയങ്ങപ്പാടൻ നാരായണി അമ്മ(85) അന്തരിച്ചു. മക്കൾ: സുകുമാരൻ, ഗിരീഷ് കുമാർ, യശോദ, ശ്യാമള, പുഷ്പ. മരുമക്കൾ: സ്മിത, റോഷിണി, കൃഷ്ണൻ.

കുഞ്ഞിക്കണ്ണൻ

കീഴൂർ:തെരുവത്തെ പരേതരായ അമ്പു - ചോയിച്ചി ദമ്പതികളുടെ മകനും, റിയാദ് അൽ അസീസിയ പാണ്ട കമ്പനി സെക്രട്ടറിയു മായിരുന്ന കിഴക്കേ വീട്ടിൽ ('ഉഷസ്സ്', രാംദാസ് നഗർ) എ. കുഞ്ഞിക്കണ്ണൻ (74) ബംഗ്ളൂരുവിൽ അന്തരിച്ചു. ഭാര്യ: മാലതി. മക്കൾ: നിഷിത് കണ്ണൻ, നവ്യ സാവൻ. മരുമക്കൾ :വിനീത, സാവൻ. സഹോദരങ്ങൾ: എ. സി. ബാലകൃഷ്ണൻ ബംഗ്ളൂരു (റിട്ട. ഇന്ത്യൻ ഫോറിൻ സർവ്വീസ്, ബ്രസ്സെൽസ്)എ. ചന്ദ്രശേഖരൻ, നീലേശ്വരം (റിട്ട. പ്രൊഫ.), എ. സി. ഗംഗാധരൻ ബംഗ്ളൂരു (റിട്ട. ഇന്ത്യൻ ഫോറിൻ സർവ്വീസ്), എ. മുരളീധരൻ (റിട്ട. റവന്യൂ ഇൻസ്പെക്ടർ, പരേതരായ കമലാക്ഷി, ലക്ഷ്മി, എ. സി. വിജയകുമാർ.

ഏലിക്കുട്ടി ജോസഫ്

പെരിയ: പരേതനായ ജോസഫ് പൈനാപ്പള്ളിയുടെ ഭാര്യ ഏലിക്കുട്ടി ജോസഫ് (93) അന്തരിച്ചു. മക്കൾ: ജോർജ്ജ് (കേരള കോൺഗ്രസ് സംസ്ഥാന ജന. സെക്ര.), തോമസ് (വ്യാപാരി), അഗസ്റ്റിൻ ജോസഫ്, ജോൺ (റിട്ട. അധ്യാപകൻ), ബാബു ജോസഫ്, ജോഷി (മസ്ക്കറ്റ്). മരുമക്കൾ : ത്രേസ്യമ്മ ജോർജ്ജ്, ഗ്രേസിക്കുട്ടി തോമസ്, ബീന ജോൺ, ആശ ജോഷി,പരേതയായ അമല ആഗസ്റ്റിൻ.

ഉപയോഗിച്ച പാചക എണ്ണ ഇനി ഇന്ധനം; സംസ്ഥാനത്തെ ആദ്യ ബയോഡീസൽ പ്ലാന്റ് കാസർകോട്ട്

കാസർകോട്: പാചക എണ്ണ ബയോ ഡീസലാക്കി മാറ്റുന്ന സംസ്ഥാനത്തെ ആദ്യ പ്ലാന്റ് കാസർകോട്ട് വരുന്നു. കുമ്പള അനന്തപുരത്തെ വ്യവസായ പാർക്കിൽ വ്യവസായ വകുപ്പ് അനുവദിച്ച രണ്ടേക്കർ സ്ഥലത്താണ് പ്രതിമാസം 500 ടൺ ബയോ ഡീസൽ ഉത്പാദന ശേഷിയുള്ള ഫാക്ടറി നിർമ്മാണം ആരംഭിച്ചത്. ബ്രീട്ടീഷുകാരനായ കാൾ വില്യംസ് ഫീൽഡറിന്റെ ഉടമസ്ഥതയിലുള്ള ന്യൂട്രൽ ഫ്യൂവൽസിന്റെയും കോഴിക്കോട് സ്വദേശിയായ ഹക്സറിന്റെ നേതൃത്വത്തിൽ ഖത്തർ ആസ്ഥാനമായ എറീഗോ ബയോ ഫ്യൂവൽസ് പ്രൈവറ്റ് ലിമിറ്റഡിന്റെയും സംയുക്ത സംരംഭമായാണ് പ്ലാന്റ് സ്ഥാപിക്കുന്നത്. വീടുകൾ, ഹോട്ടലുകൾ, ബേക്കറികൾ, റസ്റ്റോറന്റുകൾ എന്നിവിടങ്ങളിൽ ഭക്ഷ്യവസ്തുക്കൾ ഉണ്ടാക്കാൻ ഉപയോഗിച്ച എണ്ണ ശേഖരിച്ച് വിവിധ പ്രക്രിയകളിലൂടെ സംസ്കരിച്ചാണ് ഡീസൽ നിർമ്മാണം. ദുബായ്, അബുദാബി, ബഹ്റിൻ, ഒമാൻ, ദക്ഷിണാഫ്രിക്ക തുടങ്ങിയ രാജ്യങ്ങളിൽ ന്യൂട്രൽസ് ഫ്യൂവൽസിന്റെ ബയോ ഡീസൽ പ്ലാന്റ് വിജയകരമായി പ്രവർത്തിക്കുന്നുണ്ട്. ഒമാൻ, ഖത്തർ, ടുണീഷ്യ എന്നിവിടങ്ങളിൽ ബയോ ഡീസൽ ഉത്പാദനം നടത്തുന്ന കമ്പനിയാണ് എറീഗോ. ഒമാനിൽ രണ്ട് കമ്പനിയും ഒന്നിച്ചാണ് പ്ലാന്റ് പ്രവർത്തിപ്പിക്കുന്നത്. ബയോഡീസൽ ഉപയോഗിച്ച് എല്ലാ വിധ ഡീസൽ എൻജിനുകളും പ്രവർത്തിപ്പിക്കാമെന്നും കാൾ വില്യം ഫീൽഡർ പറഞ്ഞു. യൂറോപ്യൻ രാജ്യങ്ങളിൽ ബയോ ഡീസൽ വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. വാഹന എൻജിനുകളുടെ ശേഷി വർധിപ്പിക്കാൻ ബയോ ഡീസലിന് സാധ്യമാണെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതാണെന്നും ഇതിലൂടെ കുറഞ്ഞ നിരക്കിൽ ഡീസൽ വിപണിയിൽ ലഭ്യമാകുമെന്നും ഫീൽഡർ പറഞ്ഞു.

FOUNDATION STONE LAYING CEREMONY
LENSFED
LENSFED SQUARE

ലെൻസ്ഫെഡ് ജില്ലാ കമ്മറ്റി ഓഫീസിനു തറക്കല്ലിട്ടപ്പോൾ

എസ് പി അബ്ദുൾ ഹമീദ്

പൊയിനാച്ചി: ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ (എ ഐ ടി യു സി) ജില്ലാ സെക്രട്ടറിയും കെ എസ് ഇ ബി മുൻ സീനിയർ സൂപ്രണ്ടുമായ മയിലാട്ടി എൻ എച്ച് വ്യൂവിലെ എസ് പി അബ്ദുൾ ഹമീദ് (78) അന്തരിച്ചു.

എ ഐ ടി യു സി ജില്ലാ വൈ. പ്രസിഡണ്ട്, ഇല. ഓഫീസേഴ്സ് ഫെഡറേഷൻ ജില്ലാ സെക്രട്ടറി, കാഞ്ഞങ്ങാട്ട് ബ്ലോക്ക് അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹ. സംഘം സെക്രട്ടറി, സി പി ഐ ഉദുമ ബ്രാഞ്ച് സെക്രട്ടറി, മയിലാട്ടി ജുമാമസ്ജിദ് കമ്മിറ്റി പ്രസിഡണ്ട് എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു.ഭാര്യ: ആയിഷ. മക്കൾ: മുഹമ്മദ് നജീബ്, ഹസീന. മരുമക്കൾ: ഷാനിദ, സി എച്ച് അഷ്റഫ്. നിര്യാണത്തിൽ സി പി ഐ നേതാക്കളായ ഗോവിന്ദൻ പള്ളിക്കാപ്പിൽ, ടി കൃഷ്ണൻ, വി രാജൻ, സി കെ ബാബു രാജ്, ഇ ചന്ദ്രശേഖരൻ തുടങ്ങിയവർ അനുശോചിച്ചു.

കാസർകോട്ട് മോദി ജന്മദിന പ്രാർത്ഥന നാളെ

കാസർകോട്: പ്രധാനമന്ത്രിയുടെ ജന്മദിനാഘോഷം കാസർകോട്ട് നാളെ രാവിലെ മധൂർ ക്ഷേത്രത്തിൽ പ്രാർത്ഥനയോടെ ആരംഭിക്കും. ബി ജെ പി സംസ്ഥാന പ്രസിഡന്റ് കെ സുരേന്ദ്രന്റെ നേതൃത്വത്തിൽ പുലർച്ചെയാണ് പ്രത്യേക പ്രാർത്ഥന ഏർപ്പെടുത്തിയിട്ടുള്ളത്.

ജന്മദിനാഘോഷത്തോടനുബന്ധിച്ച് സേവാ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം 11 മണിക്ക് ബി ജെ പി ജില്ലാ കമ്മിറ്റി ഓഫീസിൽ കെ സുരേന്ദ്രൻ നിർവ്വഹിക്കും. കന്യപ്പാടി ആശ്രമത്തിലെ അന്തേവാസികൾക്ക് നാളെ ഉച്ചഭക്ഷണം നൽകും. ഗുണഭോക്തൃ സംഗമവുമുണ്ടാകും. കേന്ദ്ര പദ്ധതികളുടെ ഗുണഭോക്താക്കളെ ചടങ്ങിൽ ആദരിക്കും.

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ജന്മദിനമായ ഈ മാസം 17 മുതൽ ഒക്ടോബർ 7 വരെ രാജ്യമാകെ നടത്തുന്ന മോദിജന്മദിനാഘോഷങ്ങളുടെ ഭാഗമായി കേരളത്തിലും വിപുലമായ പരിപാടികൾ സംഘടിപ്പിക്കുന്നു.മോദി ഗുജറാത്ത് മുഖ്യമന്ത്രിയായതിന്റെ ഓർമ്മയ്ക്കാണ് ഒക്ടോബർ 7 വരെ ആഘോഷ പരിപാടികൾ നടത്തുന്നത്.

എൻഡോസൾഫാൻ:മനുഷ്യ മതിൽ ദയാബായി ഉദ്ഘാടനം ചെയ്യും

കാസർകോട്: എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണി കലക്ടറേറ്റിനു മുമ്പിൽ നാളെ നടത്തുന്ന മനുഷ്യ മതിൽ പ്രമുഖ സാമൂഹ്യ പ്രവർത്തക ദയാബായി ഉദ്ഘാടനം ചെയ്യും. ജനപ്രതിനിധികളടക്കം വിവിധ രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക നേതാക്കൾ സംബന്ധിക്കും. എൻഡോസൾഫാൻ വിക്ടിംസ് റെമഡിയേഷൻ സെൽ യോഗം ഉടൻ ചേരണമെന്നും ജില്ലാ ആശുപത്രിയിലും കാസർകോട് താലൂക്ക് ഹോസ്പിററലിലും ഓരോ ന്യൂറോളജിസ്റ്റിനെ നിയമിക്കണമെന്നുമാവശ്യപ്പെട്ടാണ് മനുഷ്യമതിൽ തീർക്കുന്നത്.

വിവിധ ആവശ്യങ്ങളുന്നയിച്ച് കേരള അറബിക് ടീച്ചേർസ് ഫെഡറേഷൻ നടത്തിയ എ.ഇ.ഒ ഓഫീസ് ധർണ്ണ

ദേശീയ ബന്ദ് വിജയിപ്പിക്കാൻ ആഹ്വാനം

ചെർക്കള: കേന്ദ്ര സർക്കാറിന്റെ ജനദ്രോഹ നയങ്ങൾക്കെതിരെ 27നു നടക്കുന്ന ഭാരത് ബന്ദ് വിജയിപ്പിക്കാൻ സി ഐടിയു ചെങ്കള പഞ്ചായത്ത് കൺവെൻഷൻ തീരുമാനിച്ചു. ചെർക്കളയിൽ നടന്ന കൺവെൻഷൻ ജില്ലാ കമ്മിറ്റി അംഗം ഗിരികൃഷ്ണൻ ഉദ്ഘാടനം ചെയ്തു. കെ.എൻ പ്രഭാകരൻ, എ.നാരായണൻ, എ.ആർ. ധന്യവാദ്, ബി.എം പ്രഭാകരൻ, കെ.കൃഷ്ണൻ പ്രസംഗിച്ചു.

ബേഡഡുക്ക ഗ്രാമ പഞ്ചായത്തിന് നവകേരള പുരസ്ക്കാരം

കാസർകോട്: സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി ഖരമാലിന്യ സംസ്ക്കരണത്തിന് ഫലപ്രദമായ സൗകര്യങ്ങൾ ഒരുക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഹരിത കേരളം മിഷന്റെയും ശുചിത്വ മിഷന്റെയും ആഭിമുഖ്യത്തിൽ നൽകുന്ന നവകേരള പുരസ്ക്കാരം ബേഡഡുക്ക പഞ്ചായത്തും നീലേശ്വരം നഗരസഭയും നേടി. രണ്ട് ലക്ഷം രൂപയും പ്രശസ്തി പത്രവുമടങ്ങുന്നതാണ് പുരസ്കാരം. പുരസ്കാര വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി എം.വി ഗോവിന്ദൻ ഇന്നു വൈകിട്ട് മൂന്നിന് ഓൺലൈനിൽ നിർവ്വഹിക്കും. ജില്ലാതല പുരസ്കാര വിതരണം സെപ്റ്റംബർ 20 ന് നീലേശ്വരം നഗസരഭയിലും സെപ്റ്റംബർ 25ന് ബേഡഡുക്ക പഞ്ചായത്തിലും നടക്കും.

കോവിഡ് വാക്സിനേഷനിൽ മികച്ച നേട്ടവുമായി ജില്ല

കാസർകോട്: കോവിഡ് വാക്സിനേഷനിൽ മികച്ച നേട്ടം കൈവരിച്ച് കാസർകോട് ജില്ല. ജില്ലയിൽ ഇത് വരെയായി 80% പേർ ആദ്യ ഡോസ് വാക്സിനും 39% പേർ രണ്ടാം ഡോസ് വാക്സിനും സ്വീകരിച്ചു കഴിഞ്ഞു. മീഞ്ച, ബളാൽ, ബെള്ളൂർ, കുംബഡാജെ, കുമ്പള, കള്ളാർ, വലിയപറമ്പ എന്നീ ഗ്രാമപഞ്ചായത്തുകളിലും കാഞ്ഞങ്ങാട്, കാസർകോട് നഗരസഭകളിലും 90 ശതമാനത്തിന് മുകളിൽ പേർ ആദ്യഡോസ് വാക്സിനേഷൻ സ്വീകരിച്ചു. ജില്ലാ ഭരണകൂടം, ആരോഗ്യ വകുപ്പ് , തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ കൂട്ടായ പരിശ്രമത്തിന്റെ ഫലമായാണ് ഈ നേട്ടം കൈവരിക്കാൻ സാധിച്ചത്.ജില്ലാ തലത്തിലും കീഴ്സ്ഥാപനങ്ങളിലും നടത്തിയ കൃത്യമായ പ്രവർത്തന ആസൂത്രണത്തിന്റെയും നടത്തിപ്പിന്റെയും മികവാണ് ജില്ലയെ വാക്സിനേഷൻ പ്രവർത്തനങ്ങളിൽ സംസ്ഥാനത്ത് തന്നെ ശ്രദ്ധേയ നേട്ടം കൈവരിക്കാൻ സഹായിച്ചത്. ലഭ്യമാകുന്ന വാക്സിൻ ജില്ലാ കേന്ദ്രത്തിൽ നിന്നും കൃത്യമായി , സമയബന്ധിതമായി വിതരണം ചെയ്യാനും സ്ഥാപനങ്ങളിൽ വാകസിനേഷൻ കേന്ദ്രങ്ങൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാനും സാധിച്ചു. വാക്സിനേഷൻ കേന്ദ്രങ്ങളിൽ പ്രവർത്തിക്കേണ്ടുന്ന ജീവനക്കാരുടെ എണ്ണത്തിൽ വലിയ കുറവ് ജില്ലയിൽ നിലനിൽക്കുന്ന സാഹചര്യത്തിൽ അവധി ദിവസങ്ങളിൽ പോലും വാക്സിനേഷൻക്യാമ്പുകൾ സംഘടിപ്പിച്ചു കൊണ്ടാണ് ആരോഗ്യ വകുപ്പ് പ്രശംസനീയമായ നേട്ടത്തിലേക്കെത്തിയത്. കോളനികൾ, അഗതി പുനരധിവാസ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിച്ചും ഭിന്ന ശേഷിക്കാർ, കിടപ്പു രോഗികൾ എന്നിവർക്ക് താമസ സ്ഥലത്തെത്തിയും വാക്സിൻ നൽകുന്ന പ്രവർത്തനം കാര്യക്ഷമമായി നടത്താൻ ജില്ലയിൽ സാധിച്ചു. വാക്സിനേഷന്റെ പ്രാധാന്യം വ്യക്തമാക്കുന്ന ലഘു വീഡിയോകൾ, ഡിജിറ്റൽ പോസ്റ്ററുകൾ തുടങ്ങിയ മാർഗങ്ങളിലൂടെ നടത്തിയ നിരന്തരമായ ബോധവൽക്കരണ പ്രവർത്തനങ്ങളും ജനങ്ങൾക്കിടയിൽ വാക്സിനേഷന് അനുഗുണമായ മാറ്റങ്ങൾ ഉണ്ടാക്കിയെടുക്കാൻ ഏറെ സഹായിച്ചിട്ടുണ്ട്.

ജില്ലാ ആർസിഎച്ച് ഓഫീസർ ഡോ. മുരളീധര നെല്ലൂരായ, അസിസ്റ്റന്റ് നോഡൽ ഓഫീസർ ഡോ. ജോൺ എന്നിവരുടെ നേതൃത്വത്തിലാണ് ജില്ലാ തലത്തിൽ കോവിഡ് വാക്സിനേഷൻ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത്. വളരെ ചിട്ടയായ പ്രവർത്തനങ്ങളിലൂടെ അർഹരായ മുഴുവൻ പേർക്കും വാക്സിനേഷൻ പൂർത്തീകരിക്കാനുള്ള ശ്രമത്തിലാണ് ജില്ല.

1921ൽ ഉണ്ടായത് മലബാർ കലാപമല്ല; മാപ്പിള ലഹള: എ പി അബ്ദുല്ലക്കുട്ടി

BJP DISTRICT LEGAL CELL
KASARAGOD
SEMINAR
MALABAR RIOT-1921

മലബാർ ലഹളയെക്കുറിച്ച് ബി ജെ പി ജില്ലാ ലീഗൽ സെൽ നടത്തിയ സെമിനാർ എ പി അബ്ദുള്ളക്കുട്ടി നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു

കാസർകോട്: സി പി എമ്മും കോൺഗ്രസും താൽക്കാലിക നേട്ടത്തിനു വേണ്ടി തീവ്രവാദികളെ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയുമാണെന്നു ബി ജെ പി ദേശീയ വൈസ് പ്രസിഡന്റ് എ പി അബ്ദുള്ളക്കുട്ടി പറഞ്ഞു.

മലബാർ ലഹളയെക്കുറിച്ചു ബി ജെ പി കാസർകോട് ജില്ലാ ലീഗൽ സെല്ലിന്റെ ആഭിമുഖ്യത്തിൽ നടന്ന സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

1921ൽ മലപ്പുറത്തെ മൂന്നു പ്രദേശങ്ങളിലുണ്ടായ കലാപം മലബാർ കലാപമല്ലെന്നും മാപ്പിള ലഹളയായിരുന്നെന്നും അദ്ദേഹം പറഞ്ഞു. രാജ്യം കണ്ട ഏറ്റവും ക്രൂരമായ വംശഹത്യയുടെ ചോരപുരണ്ട അധ്യായമായിരുന്നു അത്. മഹാകവി കുമാരനാശൻ അതിനെക്കുറിച്ചു മുഹമ്മദൻമാരുടെ ക്രൂരതയെന്നു വികാരഭരിതനായി പച്ചക്കു പറഞ്ഞു. അതിൽ സ്വാതന്ത്ര്യസമരത്തിന്റെ ഭാവവും ശൈലിയുമില്ലെന്നു മഹാത്മാഗാന്ധി വേദനയോടെ പറഞ്ഞു. ക്രൂരമായ വേട്ടയും വംശഹത്യയുമാണെന്ന് ആനിബസന്റ് നെടുവീർപ്പിട്ടു.

ഈ വംശഹത്യയും കൂട്ടക്കുരുതിയും സി പി എം ഇപ്പോൾ ചർച്ചക്കു കൊണ്ടുവന്നതു വോട്ട് ബാങ്ക് ലക്ഷ്യമാക്കിയാണെന്നു അബ്ദുള്ളക്കുട്ടിപറഞ്ഞു. ഇ എം എസിന്റെ കുടുംബവും മാപ്പിള ലഹളക്ക് ഇരയായിരുന്നു. കോൺഗ്രസ് നേതാവ് മാധവൻ നായർ ഉൾപ്പെടെയുള്ളവർ അതൊരു സമുദായത്തിനു നേരെയുള്ള കലാപമായിരുന്നെന്ന് എടുത്തു പറഞ്ഞത് ആരും വിസ്മരിക്കണ്ട- അബ്ദുള്ളക്കുട്ടി ഓർമ്മിപ്പിച്ചു.വാരിയൻ കുന്നൻ ലോകത്തെ ആദ്യത്തെ താലിബാനിസ്റ്റായിരുന്നെന്നു എ പി അബ്ദുള്ളക്കുട്ടി പറഞ്ഞു. കാശ്മീരിലെ പണ്ഡിറ്റുകൾക്ക് 1990ൽ ഉണ്ടായതാണ് 1921ൽ മലപ്പുറത്ത് സംഭവിച്ചത്-അദ്ദേഹം പറഞ്ഞു.

വീട്ടുകൊള്ള, ബലാൽക്കാരം, കുട്ടികളെ കൊന്നൊടുക്കൽ, പിറന്ന മണ്ണിൽ നിന്ന് ആട്ടിയോടിക്കൽ എന്നിവയെയാണ് സ്വാതന്ത്ര്യ സമരമെന്ന് സി പി എമ്മുകാർ ഇപ്പോൾ ആശ്ലേഷിക്കുന്നത്. സ്വാതന്ത്ര്യദിനം കരിദിനമായി ആചരിച്ച അവർ ഇപ്പോൾ സ്വാതന്ത്ര്യദിനമാഘോഷിക്കുന്നതുപോലെ നാളെ മലബാർ കലാപം മാപ്പിള ലഹളയായിരുന്നെന്നു തിരുത്തുമെന്നും അദ്ദേഹം പറഞ്ഞു.

നാർക്കോട്ടിക്ക് ടെററിസവും നാർക്കോട്ടിക് ജിഹാദും 1993 മുതൽ ആഗോള പ്രശ്നമാണ് പെറു പ്രസിഡന്റാണ് ഈ പ്രയോഗം ആദ്യം നടത്തിയത്. ഇസ്ലാമിക തീവ്രവാദികൾ തീവ്രവാദത്തിനു പണമുണ്ടാകുന്നതു മയക്കുമരുന്നു കടത്തിലൂടെയാണ്. മാപ്പിള ലഹള മലപ്പുറത്തു മാത്രമല്ലെന്നും നമ്മുടെ നാട്ടിലെല്ലാമുണ്ടെന്നും അദ്ദേഹം പറഞ്ഞു. മലപ്പുറത്തു മാപ്പിള ലഹള നടക്കുമ്പോൾ എട്ടണക്കു കത്തി വാങ്ങി കുത്തിവാങ്ങും പാകിസ്ഥാൻ എന്ന് അതിന് താളം പിടിച്ചതു നമ്മുടെ നാടായിരുന്നു-അദ്ദേഹം ചൂണ്ടിക്കാട്ടി.

ഭീകരതയെയും തീവ്രവാദത്തെയും എതിർക്കുന്നവരാണ് രാജ്യത്തെ ഭൂരിപക്ഷം മുസ്ലീങ്ങളുമെന്ന് അദ്ദേഹം പറഞ്ഞു. അവർ ദേശീയ മുസ്ലീംങ്ങളാണ്. സ്വന്തം രാജ്യത്തെ ജീവനു തുല്യം സ്നേഹിക്കുന്നവരാണ് അവരെന്നും അദ്ദേഹം പറഞ്ഞു. ബി ജെ പി ജില്ലാ പ്രസിഡന്റ് കെ ശ്രീകാന്ത് ആധ്യക്ഷം വഹിച്ചു. കെ അംബികാസുതൻ, കെ കരുണാകരൻ, എൻ കെ മധു, ശങ്കു ടി ദാസ് പ്രസംഗിച്ചു.

സ്പളൻഡിഡ് കരുത്തരാകാൻ കരുതിയിരിക്കാം: എസ് കെ എസ് എസ് എഫ് സൈബർ ക്യാമ്പയിൻ നാളെ

അണങ്കൂർ: സുരക്ഷിത സൈബർ ഉപയോഗത്തെക്കുറിച്ച് രക്ഷിതാക്കൾ, വിദ്യാർഥികൾ, കൗമാരപ്രായക്കാർ തുടങ്ങിയവരെ ബോധവൽക്കരിക്കാൻ എസ് കെ എസ് എസ് എഫ് സംസ്ഥാന വ്യാപകമായി സംഘടിപ്പിക്കുന്ന ക്യാംപയിന്റെ ജില്ല തല ഉദ്ഘാടനം കാസർക്കോട് എസ് ഐ വിഷ്ണുപ്രസാദ് നാളെ മൂന്നുമണിക്ക് അണങ്കൂർ ഇസ്ലാമിക് സെന്ററിൽ നിർവ്വഹിക്കും. സുഹൈർ അസ്ഹരി ആധ്യക്ഷം വഹിക്കും. എ ബി കുട്ടിയാനം, എം.എ നജീബ് വിഷയാവതരണം നടത്തും,.ഓൺലൈൻ പഠന രീതി ഒരു വർഷം പിന്നിടുമ്പോൾ നെറ്റ് അഡിക്ഷനും സൈബർ ചൂഷണങ്ങളും വർധിച്ച് വരുന്ന സാഹചര്യത്തിലാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്.

നെറ്റ് അഡിക്ഷൻ, ഓൺലൈൻ ചൂഷണങ്ങൾ, സൈബർ നിയമങ്ങൾ, നിയന്ത്രണ രീതികൾ തുടങ്ങിയ വിഷയങ്ങളിലുള്ള ബോധവൽക്കരണ ക്ലാസുകൾ,വെബിനാർ, ചർച്ചകൾ,ഓൺലൈൻ അഡിക്ഷൻ സർവ്വേ,സാമൂഹ്യ മാധ്യമ ഇടപെടലുകൾ, കൗൺസിലിംഗ്, ക്യാമ്പുകൾ,സപ്പോട്ടിംഗ് കൂട്ടായ്മകളുടെ രൂപീകരണം, സൗജന്യ ടെലി കൗൺസിലിംഗ്, ലൈഫ് സ്കിൽ ട്രെയിനിങ് , ആത്മീയാവബോധനം, മാനസികാരോഗ്യ പ്രവർത്തനങ്ങൾ തുടങ്ങിയ വിവിധ പരിപാടികളാണ് സംഘടിപ്പിക്കുന്നത്. ഇതു സംബന്ധിച്ച യോഗത്തിൽ സുഹൈർ അസ്ഹരി ആധ്യക്ഷം വഹിക്കും. വി.കെ മുഷ്ത്താഖ് ദാരിമി, യൂനുസ് ഫൈസി, ഫാറൂഖ് ദാരിമി, സുബൈർ അൽ ഖാസിമി, അസീസ്, ഇർഷാദ് ഹുദവി, ഹാരിസ് റഹ്മാനി, ഇബ്രാഹിം അസ്ഹരി, ഖലീൽ ദാരിമി, അഷ്റഫ് ഫൈസി സംബന്ധിച്ചു. പരിപാടിയിൽ മുഴുവൻ സെക്രട്ടറിയേറ്റ് അംഗങ്ങളും, മേഖല ഭാരവാഹികളും ഉപവിംഗുകളുടെ ചെയർമാൻമാരും ജനറൽ കൺവീനർമാരും പങ്കെടുക്കണമെന്ന് ജില്ലാ ജനറൽ സെക്രട്ടറി വി.കെ മുഷ്ത്താഖ് ദാരിമി അറിയിച്ചു.

ഇന്നത്തെ സ്വർണ്ണ വില
ഗ്രാമിന്: 4400
പവന്: 35200
CITY GOLD
GOLD & DIAMONDS
THE GLOW OF PURITY
KERALA - KARNATAKA
PH : 04994 225095/220695
citygoldgroups.com

ഐ.ടി.ഐ പ്രവേശനം: തീയതി നീട്ടി

ചെറുവത്തൂർ: ചെറുവത്തൂർ ഗവ.ഐ.ടി.ഐ എസ്.സി.ഡി.ഡിയിൽ പ്ലംബർ ട്രേഡിലേക്ക് അപേക്ഷിക്കാനുള്ള തീയതി സെപ്റ്റംബർ 20 വരെ നീട്ടി.9995178614 എന്ന നമ്പറിൽ വിളിക്കുക. സീതാംഗോളി ഐ ടി ഐ പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കാനുള്ള തീയ്യതിയും 20 വരെ നീട്ടിയിട്ടുണ്ട്.

ട്രേഡ്സ്മാൻ ഒഴിവ്; ഇന്റർവ്യൂ നാളെ

പെരിയ: പെരിയയിലെ കാസർകോട് ഗവ. പോളിടെക്നിക് കോളേജിൽ മെക്കാനിക്കൽ എൻജിനീയറിങ്ങ് ബ്രാഞ്ചിൽ ഷീറ്റ് മെറ്റൽ, വെൽഡിങ്ങ് വിഭാഗങ്ങളിൽ ട്രേഡ്സ്മാൻ തസ്തികയിൽ ഒഴിവുണ്ട്. അഭിമുഖം നാളെ രാവിലെ 10 ന് പോളിടെക്നിക് ഓഫീസിൽ. ബന്ധപ്പെട്ട വിഷയത്തിൽ ഐ.ടി.ഐ/ തത്തുല്യ യോഗ്യതയുള്ളവർ ബയോഡാറ്റയും, അക്കാദമിക്/പരിചയ സർട്ടിഫിക്കറ്റുകളുടെയും അസലും പകർപ്പുകളും സഹിതം ഹാജരാകണം.

അപേക്ഷാ തീയതി നീട്ടി

കാസർകോട്: ഗവഐ.ടി.ഐ പ്രവേശനത്തിന് അപേക്ഷിക്കാനുള്ള അവസാന തീയതി സെപ്റ്റംബർ 20 വരെ നീട്ടി. കൂടുതൽ വിവരങ്ങൾ 9447738344 നമ്പറിൽ ലഭിക്കും.

കുടുംബശ്രീ സി ഡി എസ്സുകൾക്ക് 3 കോടി രൂപവരെ മൈക്രോ ക്രെഡിറ്റ് വായ്പ

കാസർകോട്: കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ കടുംബശ്രീ സിഡിഎസുകളിൽ നിന്നും മൈക്രോ ക്രെഡിറ്റ്/മഹിളാ സമൃദ്ധിയോജന പദ്ധതി പ്രകാരം വായ്പയ്ക്ക് അപേക്ഷ ക്ഷണിച്ചു. ഒരു കുടുംബശ്രീ സിഡി.എസ്സിന് പരമാവധി മൂന്ന് കോടി രൂപ വരെ വ്യവസ്ഥകൾക്ക് വിധേയമായി വായ്പ അനുവദിക്കും. മറ്റു പിന്നോക്ക വിഭാഗ (ഒബിസി.)ത്തിൽപ്പെടുന്നവർക്കുവേണ്ടിയുള്ള ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ പദ്ധതി പ്രകാരം കുറഞ്ഞത് 60% പേരെങ്കിലും ഒബിസി. വിഭാഗത്തിൽ ഉൾപ്പെടുന്ന അയൽക്കൂട്ടങ്ങൾക്ക് വായ്പ അനുവദിക്കാനാവും. വായ്പ എടുക്കുന്ന അയൽക്കൂട്ടങ്ങളിലും 60% പേർ ഒ.ബിസി. വിഭാഗത്തിലും ഉൾപ്പെട്ടവരാകാം. ബാക്കിയുള്ള 40% പേർ ഏതു വിഭാഗത്തിൽ ഉൾപ്പെട്ടവരുമാകാം. വാർഷിക കുടുംബ വരുമാനം 3 ലക്ഷം രൂപയിൽ താഴെ ആയിരിക്കണം.

മതന്യൂനപക്ഷങ്ങൾക്കുവേണ്ടിയുള്ള ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ വായ്പാ പദ്ധതി പ്രകാരം അയൽക്കൂട്ടങ്ങളിലെ 75% അംഗങ്ങൾ എങ്കിലും മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരായിരിക്കണം. ബാക്കിയുള്ള അംഗങ്ങൾ ഏത് വിഭാഗത്തിൽ ഉൾപ്പെട്ടവരുമാകാം. എന്നാൽ ആകെ 60% അംഗങ്ങൾ മാത്രം മതന്യൂനപക്ഷ വിഭാഗത്തിൽ ഉൾപ്പെടുന്ന ഗ്രൂപ്പുകളിൽ ബാക്കിയുള്ള മുഴുവൻ അംഗങ്ങളും എസ് സി- എസ് ടി- ഒ ബി സി അംഗപരിമിത വിഭാഗത്തിൽപ്പെടുന്ന പക്ഷം അത്തരം ഗ്രൂപ്പുകൾക്കും വായ്പ അനുവദിക്കാനാവും. വാർഷിക കുടുംബ വരുമാനം ഗ്രമപ്രദേശങ്ങളിൽ 98,000 രൂപ വരെയും നഗര പ്രദേശങ്ങളിൽ 1,20,000 രൂപ വരെയും ആയിരിക്കണം.

ശുചീകരണ/ മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തികൾ അവരുടെ കുടുംബാംഗങ്ങൾ എന്നിവർ ഉൾപ്പെടുന്ന അയൽകൂട്ടങ്ങൾക്ക് ദേശീയ സഫായി കർമ്മചാരീസ് ധനകാര്യ വികസന കോർപ്പറേഷന്റെ പദ്ധതി പ്രകാരം വായ്പ അനുവദിക്കാനാവും.

വ്യാജവളം വിൽപ്പനക്കെതിരെ നടപടി വേണം; മുഖ്യമന്ത്രിക്ക് നിവേദനം നൽകി

കാസർകോട്: വ്യാജ വളം നൽകി കർഷകരെ വഞ്ചിക്കുന്ന വിൽപ്പനക്കാർക്കും, അതിന് സഹായം ചെയ്യുന്നവർക്കുമെതിരെ കർശ്ശന നടപടി സ്വീകരിക്കണമെന്ന് കിസാൻ രക്ഷാസേന ജില്ലാ കമ്മിറ്റി മുഖ്യമന്ത്രിക്ക് നൽകിയ നിവേദനത്തിൽ ആവശ്യപ്പെട്ടു. വ്യാജ വളം വിതരണം ചെയ്യുന്ന വളം ഡിപ്പോയ്ക്കും, ഡിപ്പോകൾക്ക് വളം നൽകുന്ന കമ്പനികൾക്കും എതിരെ നടപടി സ്വീകരിക്കണം. ഇത്തരം സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യാൻ അടിയന്തിര നടപടി വേണമെന്നും നിവേദനത്തിൽ ആവശ്യപ്പെട്ടു.

വ്യാജവളം വ്യാപകമായി വിതരണം ചെയ്യുന്നതായി സംഘടനയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കർഷകർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ജീവനക്കാർ കൊള്ളയടിക്കുകയാണ്. ഇത്തരക്കാർക്കെതിരെ കർശ്ശന നിയമ നടപടിയും സ്വീകരിക്കണം. സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ കർഷകർക്കു ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്താൻ ജില്ലാതലത്തിൽ പ്രത്യേക അന്വേഷണ സമിതി രൂപീകരിക്കണമെന്നും, കർഷകരെ കൃഷി വകുപ്പ് ജീവനക്കാരുടെ കെണിയിൽ നിന്ന് രക്ഷപ്പെടുത്തണമെന്നും കിസാൻ രക്ഷാസേന ആവശ്യപ്പെട്ടു. കൃഷി വകുപ്പ് മന്ത്രി, പ്രതിപക്ഷ നേതാവ്, വിജിലൻസ് എന്നിവർക്കും നിവേദനം നൽകിയിട്ടുണ്ട്.

കേരളത്തിലെ പ്രശസ്ത ജ്യോതിഷ്യൻ
ശ്രീ പണ്ഡിത് കെ.എസ്.മൂർത്തി
ഇലക്ട്രിസിറ്റി ഓഫീസിനു സമീപം, ശ്രീ ഗോപാലകൃഷ്ണ ക്ഷേത്രം റോഡ്, കുമ്പള
M.9447650938, 09449718819
ശ്രീദേവി കുട്ടിച്ചാത്തൻ, ദിവ്യദൈവശക്തി, മന്ത്രശക്തി, അഷ്ടമംഗല്യ പ്രശ്നചിന്ത, ഫോട്ടോ നോക്കി ഫലം പറയൽ എന്നിവയ്ക്കും ദുഃഖനിവാരണം, വിദ്യ, ഉദ്യോഗം വിദേശയാത്രകൾ, വിവാഹം, സ്ത്രീ–പുരുഷബന്ധം, ദാമ്പത്യപ്രശ്നങ്ങൾ, ലൈംഗിക പ്രശ്നങ്ങൾ, മാട്ടം, ഭയം തുടങ്ങിയ പ്രശ്നങ്ങൾക്കും ശാശ്വത പരിഹാരം.
NB: ബുക്കിംഗിന് ഫോണിൽ ബന്ധപ്പെടാം.
വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതായിരിക്കും.

VEHICLES FOR AUCTION

VEHICLE NO	VEHICLE DESCRIPTION	YER OF MANUFACTURING
KL12F-6739	MAHINDRA VERITO-P	2012
KL60F-4334	MARUTI DZIRE-P	2013
KL60K-9045	FORCE TEMPO TRAVELLER-P	2016

AUCTION DATE: 16-09-2021
AUCTION PLACE: SHRIRAM AUTOMAL YARD
MANJAKULAM, MEPAYUR, IRINGATH POST, VADAKARA.
BRANCH ADDRESS:
SHRIRAM TRANSPORT FINANCE CO. LTD.
1 ST FLOOR,VEEKAY MALL, OPP. RTO OFFICE.
VELLARIKUNDU, KASARAGOD, CONTACT NO: 9995311949

Vol -28, Issue No -187 Edited, Printed and Published by S.Raju at Karaval Daily for Mother Graphics, B-3 Industrial Estates, Vidyanagar, Kasaragod, 671123, Kerala, News: **256225, Office: 256751, 255322, Circulation: 255725, Res:223237** P.B No: 26, E-Mail: karavaldaily@hotmail.com